
കെഎസ്ടിഎ മലപ്പുറം
കണിക്കൊന്ന
അവധിക്കാല പ്രവർത്തനങ്ങൾ

# കണിക്കൊന്ന

പ്രിയ കൂട്ടുകാരെ,

എല്ലാവരും സുഖമായിരിക്കുന്നുവല്ലോ ?

അപ്രതീക്ഷിതമായാണ് നമ്മുടെ സ്കൂൾ അടച്ചത്.

ലോകത്തെല്ലായിടത്തും കൊറോണ എന്ന മഹാമാരി പടർന്നു പിടിച്ചിരിക്കുന്നു. നമ്മുടെ കേരളത്തിലും നിരവധി പേർക്ക്

കോവിഡ് 19 ബാധിച്ച് ചികിൽസയിലാണ്.

സമ്പർക്കത്തിലൂടെയാണ് ഈ രോഗം പകരുന്നത്.
നമുക്ക് ഈ രോഗം വരാതിരിക്കണമെങ്കിൽ നാം സാമൂഹ്യ അകലം പാലിക്കണം

സോപ്പ് ഉപയോഗിച്ച് കൈ ഇടയ്ക്കിടെ കഴുകണം.
അങ്ങനെ കുറച്ച് ദിവസം നാം പുറത്തിറങ്ങാതെ വീട്ടിൽ തന്നെ ഇരുന്നാൽ

കോവിഡ് 19 പകർച്ച വ്യാധിയെ നമുക്ക് പ്രതിരോധിക്കാനാകും.

വീട്ടിൽ വെറുതെയിരുന്ന് മുഷിയാൻ തുടങ്ങിയോ ?
എന്നാൽ നിങ്ങൾക്കിതാ കളിച്ച് രസിക്കാനായി കണിക്കൊന്ന
കണിക്കൊന്നയിലെ പ്രവർത്തനങ്ങൾ നിങ്ങൾക്ക് സന്തോഷവും

ആനന്ദവും നൽകും.

കളിയ്ക്കാനും വരയ്ക്കാനും നടക്കാനുമൊക്കെ കണിക്കൊന്നയിൽ അവസരമുണ്ട്.
ഒന്നു മുതൽ നാല് വരെ ക്ലാസ്സിലുള്ള എല്ലാവർക്കും കണിക്കൊന്നയിലെ

പ്രവർത്തനങ്ങൾ ചെയ്യാം.
രക്ഷിതാക്കളുടെ സഹായത്തോടെ ഈ അവധിക്കാലം കണിക്കൊന്നയിലൂടെ നമുക്ക്

മധുരമുള്ളതാക്കാം.

## 1. കളിപ്പാട്ടങ്ങളുണ്ടാക്കാം



കൂട്ടുകാരെ വീട്ടുപ്പറമ്പിൽ ധാരാളം ഇലകളില്ലേ ?
ഇവ ഉപയോഗിച്ച് മനോഹരമായ കളിപ്പാട്ടങ്ങൾ ഉണ്ടാക്കിയാലോ

ഏതൊക്കെ ഇലകൾ ഉപയോഗിച്ച് കളിപ്പാട്ടങ്ങളുണ്ടാക്കാം.

തെങ്ങോല,പ്ലാവില..............................

ഉണ്ടാക്കിയതിന് ശേഷം താഴെ പട്ടിക പൂർത്തിയാക്കാം മറക്കരുതെ

| കളിപ്പാട്ടത്തിന്റെ പേര് | ഉപയോഗിച്ച ഇലകൾ/വസ്തുക്കൾ |
|---|---|
| കണ്ണട<br>............................<br>................................. | തെങ്ങോല<br>.............................<br>.............................. |

## 2.വീട്ടിലെത്ര ചെടികൾ

  

വീട്ടുമുറ്റത്തും പറമ്പിലും നിരവധി ചെടികൾ(സസ്യങ്ങൾ) ഇല്ലേ.അവയുടെ പേരുകൾ അറിയാമോ ?വീട്ടിലെ മുതിർന്നവരോട് ചോദിച്ച് അവയുടെ പേര് കണ്ടെത്തൂ.നോട്ട് ബുക്കിൽ താഴെ കാണും പട്ടിക വരച്ച് പട്ടിക പൂർത്തിയാക്കൂ.

എന്റെ വീട്ടിലെ ചെടികൾ

| ചെടിയുടെ പേര് | ഉപയോഗം |
|---|---|
| മാവ്<br>ചെമ്പരത്തി | പഴം<br>പൂവ് |

## 3.തരം തിരിക്കാമോ

വീട്ടിലെ ചെടികളെ ഉപയോഗത്തിനനുസരിച്ച് തരം തിരിച്ച് പട്ടികയാക്കി എഴുതാമോ



| ഭക്ഷണത്തിന് | മരുന്നിന് | പൂക്കൾക്ക് | മറ്റുള്ളവ |
|---|---|---|---|
| പയർ | തുളസി | റോസ | പുല്ല് |

## 4.ഇല ആൽബം തയ്യാറാക്കാം

ഒരു പഴയ നോട്ട് ബുക്ക് എടുത്ത് വീട്ടിലെ ചെടികളുടെ ഇലകൾ ശേഖരിച്ച് ഒരു ആൽ ബം ഉണ്ടാക്കു.

പപ്പായ



ഉപയോഗം

പഴം,പച്ചക്കറി

## 5.എന്റെ പച്ചക്കറിത്തോട്ടം

വീട്ടിൽ പച്ചക്കറികളുടെ വിത്തുകളുണ്ടാകും.വീട്ടുപറമ്പിൽ ചെറിയ കുഴികൾ കുത്തി വിത്തുകൾ കുഴിച്ചിടൂ.എല്ലാ ദിവസവും വെള്ളം നനയ്ക്കണം.വേനൽക്കാലമാണ്. ആവശ്യത്തിന് മാത്രം ഉപയോഗിക്കണം വെള്ളം പാഴാക്കരുത്.

വേനൽക്കാലത്ത് എങ്ങനെയാണ് ചെടികൾ നനയ്ക്കുക.നോക്കു

പ്ലാസ്റ്റിക്ക് കുപ്പികൾ വീട്ടിലുണ്ടാകും.അതിൽ വെള്ളം നിറയ്ക്കുക.സൂചികൊണ്ട് ഒരു തുളയുണ്ടാക്കുക.അടപ്പ് മുറുക്കി അടയ്ക്കേണ്ട.കുറച്ച് ലൂസാക്കുക.ഇനി വിത്ത് കുഴിച്ചിട്ട കുഴിയിൽ കൊണ്ടുവെയ്ക്കുക.നാലോ അഞ്ചോ ദിവസം കഴിയുമ്പോൾ കുപ്പി നിറച്ച് കൊടുത്താൽ മതി.ആദ്യ ദിവസം നന്നായി നനയ്ക്കണം.
പിന്നെയാണ് ഇത് ചെയ്യേണ്ടത്.

ഓരോ ദിവസവും തോട്ടത്തിലെ ചെടികൾ നിരീക്ഷിക്കണം.കണ്ട കാര്യങ്ങൾ എഴുതണം

| ദിവസം | കണ്ട /ചെയ്ത കാര്യങ്ങൾ |
|---|---|
| 1 | പയർ,വെണ്ട വിത്ത് നട്ടു.വെള്ളം നനച്ചു |
| 2 | |
| 3 | |

## 6.കടങ്കഥകൾ പറയാം എഴുതാം

കാള കിടക്കും കയറോടും മത്തൻ



ഇങ്ങനെ പച്ചക്കറികൾ,ചെടികൾ,കൃഷി എന്നിവയുമായി ബന്ധപ്പെട്ട കടങ്കഥകൾ ശേഖരിക്കൂ.നോട്ട് ബുക്കിൽ എഴുതൂ.വീട്ടുകാരെ വിളിച്ചിരുത്തി കടങ്കഥ പയറ്റ് നടത്തൂ.

## 7.കഥയെഴുതാം



ചിത്രം നോക്കൂ.അതിൽ നിന്നും നമുക്ക് രസകരമായ ഒരു കഥയുണ്ടാക്കാം.എങ്കിൽ എഴുതിക്കോളൂ.

മൃഗങ്ങളും പക്ഷികളും കഥാപാത്രങ്ങളായി വരുന്ന തരത്തിൽ സ്വന്തമായി കഥകൾ എഴുതി നോക്കൂ.യോജിച്ച ചിത്രങ്ങളും വരയ്ക്കുമല്ലോ ?

പണ്ട് പണ്ട് ഒരു കുറ്റിക്കാട്ടിൽ ഒരു.................................................

.............................................................................................................

## 8. കവിതയെഴുതാം

പയ്യേ പയ്യേ നീയെന്തിങ്ങനെ
കുഞ്ഞിനു പാലു കൊടുക്കാത്തു
കൊടുക്കാമേ ഞാൻ കൊടുക്കാമേ
പാടത്ത് പുല്ല് മുളച്ചോട്ടെ.



ഇങ്ങനെ കുഞ്ഞു കവിതകൾ എഴുതി നോക്കൂ

മഴയേ മഴയേ നീയെന്തിങ്ങനെ
.........................................
..............................................
...............................................





പുല്ലേ പുല്ലേ നീയെന്തിങ്ങനെ
..........................................
...........................................
...........................................



മഞ്ഞ നിറത്തിൽ കൊന്നപ്പൂ
ചോപ്പു നിറത്തിൽ ചെത്തിപ്പൂ
..........................................
...........................................
...........................................



വേനൽക്കാലം വന്നെത്തി
വറ്റിവരണ്ടു നിലമെല്ലാം
ഇലകൾ കൊഴിഞ്ഞു പൂക്കൾ കരിഞ്ഞു
............................................
.........................................

പച്ചക്കറിപ്പാട്ട്

വെണ്ട മത്തൻ പാവൽ പയറും
വിത്തുകൾ പലതും ഞാൻ നട്ടു.
വെള്ളമൊഴിച്ചു വളവും ചെയ്തു
ചെടികൾ വളർന്നു വലുതായി
വെണ്ട വളർന്നു മേലോട്ട്
പാവൽ പടർന്നു.........................
................................................
................................................
ഇനി നിങ്ങൾ സ്വന്തമായി കവിതയെഴുതി നോക്

## 9.കളിപാട്ടുകൾ ശേഖരിക്കാം

നിങ്ങൾ പാട്ടുപാടി കളിക്കാറില്ലേ.ഒരു കളിപ്പാട്ടു നോക്കൂ.

അക്കുത്തിക്കുത്താന വരമ്പത്ത്
അക്കരെ നിക്കും
വെള്ളാക്കരങ്ങിന്റെ
കയ്യോ കാലോ
രണ്ടാലൊന്നു
ചെത്തിക്കോരി
മടംകാട്ടിത്താ



ഇത്തരത്തിലുള്ള കളിപ്പാട്ടുകൾ ശേഖരിക്കൂ.നോട്ട് ബുക്കിൽ എഴുതു

അക്കയ്യിക്കയ്യിലോ
മാണിക്കചെമ്പഴുക്ക
.............................

പൂ പറിക്കാൻ പോരുന്നോ
പോരുന്നോ അതിരാവിലെ
...................................

## 10 കലണ്ടർ കൗതുകം




എല്ലാവരുടെ വീട്ടിലും കലണ്ടറില്ലേ.കലണ്ടർ ഒരു അൽഭുതമാണ്.അതിൽ നിരവധി കൗതുകങ്ങൾ ഒളിഞ്ഞ് കിടപ്പുണ്ട്.നമുക്ക് അവ കണ്ടെത്താം

2020 ലെ കലണ്ടറിൽ നിങ്ങളുടെ ജന്മദിനം കണ്ടെത്തു.അതിനു ക്രയോൺ ഉപയോഗിച്ച് നിറം നൽകു.

ഇനി അച്ചന്റെ ജന്മ ദിനം,അമ്മയുടെ ജന്മ ദിനം
വീട്ടിലുള്ള എല്ലാവരുടെയും ജന്മ ദിനങ്ങൾ കണ്ടെത്തു.വിവിധ നിറങ്ങളുള്ള ക്രയോൺ കൊണ്ട് നിറം നൽകു.

2020 ഏപ്രിലിലെ കലണ്ടർ നോക്കു.
സംഖ്യകൾ താഴെക്ക് എഴുതി നോക്കു
5 12 19 26
...........................
..........................
............................
എന്താ ഇവയുടെ പ്രത്യേകത.കണ്ടെത്തു

ഇനി നമുക്ക് വലതു കോണായി എഴുതി നോക്കാം

5   13   21    29
6    14   22   30
............................
...............................
..................................

ഇതിനുമുണ്ട് ഒരു ക്രമം .എന്താണത്

ഇനി ഇടതു കോണായി എഴുതൂ

1   7     13    19
2   8   ...................
............................
......................................

ഇതെന്താ ഇങ്ങനെ

ഇനി അടിയിൽ നിന്ന് മുകളിലേക്കും എഴുതാമല്ലോ.എന്നാൽ എഴുതിക്കോ

26   19   12   5
...........................
.....................

26    20     14     8
.................................
.....................................

30    22    14    6
............................
...............................

കലണ്ടർ ചതുരങ്ങൾ നോക്കൂ

| | | | | |
|---|---|---|---|---|
| **1** | **2** | | **5** | **6** |
| **8** | **9** | | **12** | **13** |

സംഖ്യകളോണോടു കോൺ കൂട്ടി നോക്കൂ

1+9 =10

8+2 =10

5+13=18

12+6=18

ഇങ്ങനെ നിരവധി ചതുരങ്ങളുണ്ടല്ലോ.അവ കണ്ടെത്തി എഴുതു.കൂട്ടി ഉത്തരവും എഴുതണേ.

ഇനി മറ്റു ചില ചതുരങ്ങൾ നോക്കാം

| | | |
|---|---|---|
| **2** | | |
| | | |
| | | **18** |

കളത്തിലെ വിട്ടു പോയ സംഖ്യകൾ എഴുതു.കലണ്ടർ നോക്കാതെ എഴുതണം. എഴുതിയതിനു ശേഷം കലണ്ടർ നോക്കാം

ഇത്തരത്തിൽ സ്വന്തമായി കളങ്ങളുടെ ചോദ്യങ്ങളുണ്ടാക്കൂ

ഇനി എന്തെല്ലാം കണ്ടെത്താനാകും.ശ്രമിച്ച് നോക്കൂ

## 11.ചിത്രം വരയ്ക്കാം

ഈ അവധിക്കാലത്ത്  നമുക്ക് ചിത്രം വര  കൂടി പഠിക്കാം









മുകളിലെ  ചിത്രങ്ങൾ നോക്കൂ.പെൻസിൽ ഉപയോഗിച്ച് ചിത്രങ്ങൾ വരയ്ക്കൂ.പെൻസിൽ കൊണ്ട് ഷെയ്ഡ് ചെയ്ത് ചിത്രം മനോഹരമാക്കണേ. ചിത്രങ്ങളെ കുറിച്ച് ലഘു കുറിപ്പുകൾ എഴുതണേ.

താഴെ ചിത്രങ്ങൾ നോക്കൂ.പെൻസിൽ കൊണ്ട് വരച്ച് ക്രയോൺസോ സ്കെച്ചോ ഉപയോഗിച്ച് നിറം നൽകൂ.





കൂടുതൽ ചിത്രങ്ങൾ വരച്ച് ഒരു ചിത്ര പതിപ്പ് തയ്യാറാക്കണേ.

## 12.ആശംസാ കാർഡ് തയ്യാറാക്കാം

ഏപ്രിൽ 14 ന് വിഷുവാണ്.കൂട്ടുകാർക്കായി ആശംസകാർഡുകൾ തയ്യാറാക്കി വാട്ട്സ് ആപ്പിൽ അയച്ചു കൊടുക്കൂ



## 13.വായിച്ച് രസിക്കാം

രസകരമായ ചില പുസ്തകങ്ങൾകൂടി ഇതിന്റെ കൂടെ അയച്ച തരാം.

ഇംഗ്ലീഷ് പുസ്തകങ്ങളും മലയാളം പുസ്തകങ്ങളുമുണ്ട്.അവയെല്ലാം വായിക്കണേ